പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3263 — 21.08.2017 ൽ മറുപടിക്ക്

# വാഹനാപകടങ്ങൾ

| ചോദ്യം<br>ശ്രീ.കെ. ബാബു | മറുപടി<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 കാലയളവിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽപ്പെട്ട് മരണപ്പെട്ടവർ എത്രയെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന ക്രൈം റെക്കോർഡ് ബ്യൂറോയിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 2016 - 17ൽ (01.04.2016മുതൽ 31.03.2017 വരെ) സംസ്ഥാനത്ത് 4069 പേർ വാഹനാപകടത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്. |
| (ബി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനും, ഇല്ലാതാക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കാൻ പോകുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായും പോലീസ് വകുപ്പിൽ നിന്നുള്ള വിവരശേഖരണത്തിന്റെയടിസ്ഥാനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവ 18.01.2017-ൽ നടന്ന 32 -ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകരിക്കുകയും അനന്തരനടപടികൾക്കായി അനുബന്ധ വകുപ്പുകൾക്കയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബ്ലാക്ക് സ്പോട്ടുകളെക്കുറിച്ചുള്ള പഠനത്തിനും ഏകോപനത്തിനും നിർമ്മാർജ്ജനത്തിനുമായി പൊതുമരാമത്ത് വകുപ്പ് (ദേശീയപാത) ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, നാറ്റ്പാക് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. രാജ്യത്തെ ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി 1100 കോടി രൂപയുടെ ഫണ്ട് നിലവിലുള്ളതായി മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേസ് അറിയിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാതയോരങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതു തടയുകയെന്ന ലക്ഷ്യത്തോടെ "ഔട്ട് ഡോർ |

അഡ്വർടൈസ്മെന്റ് പോളിസി" തയ്യാറാക്കി നാറ്റ്പാക് സമർപ്പിച്ചിട്ടുണ്ട്. ഈ പോളിസി നിലവിൽ വരുന്നതോടെ ഡ്രൈവർമാരുടെയും യാത്രികരുടെയും കാഴ്ചയെ മറക്കുന്നവിധത്തിൽ റോഡരികിൽ ബോർഡുകളും മറ്റും സ്ഥാപിക്കുന്നത് തടയാൻ കഴിയും. അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. മേഖല തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിച്ചുവരുന്നു. കൂടാതെ മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നുണ്ട്. റോഡ് സുരക്ഷക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടന്നുവരുന്നു. ഈ പരിപാടി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

ബഹു. സുപ്രീം കോടതി നിയമിച്ചിട്ടുള്ള റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം

അമിതവേഗത, സിഗ്നൽ ലംഘനം, ചരക്കുവാഹനങ്ങളിലെ അമിതഭാരവും യാത്രക്കാരെ കയറ്റലും, മദ്യപിച്ച് വാഹനമോടിക്കൽ, വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോണിൽ സംസാരിക്കുക മുതലായ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ സുരക്ഷ' എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് സ്വീകരിച്ചിട്ടുള്ള വിവിധ റോഡ് സുരക്ഷാ നടപടികളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അപകടനിരക്കും മരണനിരക്കും ഈ വർഷം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ